# മഗളവാർത്തക്കാലം

## വചന വിചിന്തനം

### ദനഹാക്കാലം : ഒന്നാം ഞായർ

### യോഹ 1,19 – 28



“നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നിൽപുണ്ട്!”
(യോഹ1,26)
ലോകമറിയാതെ ലോകത്തിൽ ജീവിച്ച ക്രിസ്തുവിനെപ്പോലെ
മനുഷ്യരറിയാതെ മനുഷ്യരുടെ ഇടയിൽ
നന്മകൾ ചെയ്ത് ജീവിക്കാൻ സാധിക്കുമോ?

**ക്രിസ്തു ലോകത്തിലായിരുന്നു. എങ്കിലും, ലോകം ക്രിസ്തുവിനെ അറിഞ്ഞില്ല! ഒരു പുൽനാമ്പുപ്പോലും അറിയാതെ ഈ ലോകത്തിൽ ജീവിച്ച ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ സാധിക്കുമോ?**

ജറുസലെമിൽനിന്നു പുരോഹിതൻമാരെയും ലേവ്യരെയും യഹൂദർ സ്നാപകയോഹന്നാന്റെ അടുത്തേയ്ക്കയച്ച് “നീ ആരാണ്?” എന്നു ചോദിക്കുന്നു. ഇതിനുള്ള യോഹന്നാൻെറ മറുപടിയാണ് വചനഭാഗം;

“ഞാൻ ക്രിസ്തുവല്ല...”

“നീ ആരാണ്?” എന്നു ചോദിക്കുമ്പോൾ ഞാൻ ആരല്ല എന്നാണ് യോഹന്നാൻ പറയുന്നത്! ക്രിസ്തുവിന് കിട്ടായമായിരുന്ന എല്ലാ അംഗീകരങ്ങളും കരഘോഷങ്ങളും സ്വന്തമാക്കി ജീവിക്കാനുള്ള വഴിയാണ് യോഹന്നാൻ തന്നെ തട്ടിതെറുപ്പിക്കുന്നത്. “നീ ആരാണ്?” എന്നു ചോദിക്കുമ്പോൾ “ഞാൻ ക്രിസ്തുവാണ്” എന്ന് പറഞ്ഞിരുന്നെങ്കിൽ റോമൻ ആധിപത്യത്തിൽ കഴിഞ്ഞിരുന്ന യഹൂദജനം അതിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനുവേണ്ടി രക്ഷകനായ ക്രിസ്തുവിന്റെ വരവിനു വേണ്ടി പാർത്തിരുന്നവർ രണ്ടുകൈയും നീട്ടി സ്വീകരിക്കുമായിരുന്നു. എന്നിട്ടും, യോഹന്നാൻ തന്റെ മുൻപിലെത്തിയ പുരോഹിതൻമാരോടും ലേവ്യരോടും പറഞ്ഞത് താൻ ക്രിസ്തുവല്ല എന്ന് തന്നെയാണ്. “അർഹതയില്ലാത്തത് സ്വന്തമാക്കാൻ പരിശ്രമിക്കാത്ത വിനയാന്വിതൻ!”

വീണ്ടും, ജറുസലെമിൽനിന്നു പുരോഹിതൻമാരും ലേവ്യരും അവനോട് ചോദിച്ചു; “എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ? അതോ, പ്രവാചകനോ?” ഈ ചോദ്യങ്ങൾക്കും സ്നാപകയോഹന്നാന് സമ്മാനിക്കാനുള്ള മറുപടി, “അല്ല” എന്നു മാത്രമാണ്. അവസാനം, ക്ഷമ കെട്ട് ജറുസലെമിൽനിന്നു പുരോഹിതൻമാരും ലേവ്യരും അവനോട് ചോദിച്ചു;

“അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം? നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു?”

ഈ ചോദ്യങ്ങൾക്കുമുമ്പിൽ സ്നാപകൻ മനസ്സു തുറക്കുന്നു. അവൻ പറഞ്ഞു;

“ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ” (യോഹ 1,23).

എൻെറ പിന്നാലെ വരുന്നവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല എന്നു പറഞ്ഞവൻ, എന്താണ് ശ്യൂന്യവത്കരണം എന്നു കാണിച്ച് തരുന്നു. കർത്താവിന്റെ വഴി നേരയാക്കുവാൻ കർത്താ

വിന് മുമ്പേ അയക്കപ്പെട്ടവൻ ക്രിസ്തുവിനെ കുറിച്ചുള്ള വ്യക്തമായ സൂചനയാണ് നൽകുന്നത്.

"നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്" (യോഹ 1,26).

എങ്കിൽ, സ്നാപകയോഹന്നാന്റെ ജീവിതശൈലിയും, വചനഭാഗത്തിന്റെ ഉൾപ്പൊരുളും ചേർത്തുവച്ചാൽ തിരുസഭ മാതാവ് നമ്മളുടെ അടുത്ത് ചോദിക്കുന്ന ചോദ്യം, "മനുഷ്യരറിയാതെ ലോകത്തിൽ ജീവിച്ച ക്രിസ്തുവിനെപ്പോലെ മനുഷ്യരറിയാതെ മനുഷ്യരുടെ ഇടയിൽ നന്മകൾ ചെയ്ത് ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ സാധിക്കുമോ?"

ആരുടെ കുതികാല് വെട്ടിയാണെങ്കിലും എനിക്ക് വിജയിക്കണം എന്നു മത്സരിക്കുന്ന ഈ ലോകത്ത് തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് വിനയത്തിന്റെയും എളിമയുടെയും മാതൃക കാണിച്ച് തരുകയാണ് സ്നാപകയോഹന്നാൻ. "ആയിരം പേരെ ആയിരം യുദ്ധങ്ങളിൽ ജയിക്കുന്നതിനേക്കാൾ നല്ലത് സ്വയം ജയിക്കുന്നതാണ് എന്നുള്ള ബോദ്ധ്യത്തോടെ അഹത്തെയും അഹംങ്കാരത്തെയും സ്നാപകൻ ജയിച്ച് കാണിക്കുകയാണിവിടെ. സ്വാർത്ഥതയെ തച്ചുടച്ച്, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമായി, എന്റെ പിന്നാലെ വരുന്നവന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല എന്നു പറഞ്ഞുകൊണ്ട് മറ്റുള്ളവർക്ക് വിജയിക്കാനും ചവുട്ടി കയറാനുമുള്ള പടികളായി സ്നാപകൻ മാറ്റപ്പെടുന്നു!

"നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്!" (യോഹ1,26)
ഒരു ഭിക്ഷക്കാരന്റേയോ അനാഥബാലന്റെയോ വിധവയുടെയോ രൂപമായിരിക്കണം ക്രിസ്തു ഇന്നു കടമെടുത്തിരിക്കുന്നത്!

തണുപ്പുള്ള ഒരു തിങ്കളാഴ്ച രാവിലെയായിരുന്നു സംഭവം. രണ്ട് കാറുകൾ തമ്മിൽ കൂട്ടിയിടിച്ചു. അപകടത്തിൽ പെട്ട ഒരു കാർ പുരുഷനും, മറ്റേ കാർ ഒരു സ്ത്രീയുമാണ് ഓടിച്ചിരുന്നത്. അപകടത്തിൽ ഇരു കാറുകളും ഭാഗികമായി തകർന്നിരുന്നു. അത്ഭുതമെന്ന് പറയാമല്ലോ കാർ ഓടിച്ചിരുന്ന രണ്ട് പേർക്കും ഒരു പോറൽ പോലും സംഭവിച്ചിട്ടില്ല. ഇരുവരും കാറിൽ നിന്ന് പുറത്തിറങ്ങി. പുറത്തിറങ്ങിയതും പുരുഷൻ സ്ത്രീയെ ശകാരിക്കാൻ തുടങ്ങി;

"അല്ലേലും സ്ത്രീകൾ ഇങ്ങനെ തന്നെയാ... ഒരു ശ്രദ്ധയുമില്ലാതെ ആണ് വാഹനം ഓടിക്കുന്നത്. നിങ്ങൾ, സ്ത്രീകളാണ് അപകടങ്ങൾ കൂടുതലും ഉണ്ടാക്കുന്നത്..."

അയാളുടെ ശബ്ദം കൂടി കൂടി വന്നു...

എന്നാൽ, ആ സ്ത്രീ വളരെ മാന്യമായി അയാളോട് പറഞ്ഞു;

"സുഹൃത്തേ, ഭാഗ്യത്തിന് നമ്മൾ രണ്ടാൾക്കും ഒന്നും പറ്റിയില്ലല്ലോ? ഒരുപക്ഷേ, നമ്മളെ രണ്ടാളെയും എക്കാലവും നല്ല സുഹൃത്തുക്കളാക്കാൻ വേണ്ടി ദൈവം ഒരുക്കിയതായിരിക്കും ഈ അപകടം. അതിന് ദൈവത്തോട് നമ്മുക്ക് നന്ദി പറയാം..."

തെറ്റ് പൂർണ്ണമായും ആ സ്ത്രീയുടെ ഭാഗത്തായിരിന്നിട്ടും ആ പാവം അവളുടെ വാചകത്തിൽ വീണ് പോയി. ആ സ്ത്രീ കാറിന്റെ പിൻസീറ്റിൽ നിന്നും ഒരു ബിയർ കുപ്പി കയ്യിലെടുത്തിട്ട് പറഞ്ഞു;

"നോക്കൂ സുഹൃത്തെ, ദൈവത്തിന്റെ ഓരോരോ കളികളെ. നമ്മുക്ക് രണ്ട് പേർക്കും ആഘോഷിക്കാനായി ദൈവം ഒരു പോറൽ പോലുമേൽപ്പിക്കാതെ ഈ ബിയർ കുപ്പി പൊട്ടാതെ കാത്തു സൂക്ഷിച്ചത് കണ്ടില്ലേ? ഇന്നാ, പാതി കുടിച്ചിട്ട് എനിക്ക് തരൂ..."

പണ്ട് ഹവ്വാ ആദത്തിനെ പഴം തീറ്റിച്ച കഥ അറിയാത്ത ആ പാവം ഒറ്റ വലിക്ക് ആ കുപ്പിയുടെ പാതി കാലിയാക്കി ബാക്കി ആ സ്ത്രീക്ക് നീട്ടിക്കൊണ്ട് പറഞ്ഞു;

"സുഹൃത്തേ, നിങ്ങൾ പറഞ്ഞതൊക്കെ ശരിയാ... സംഭവിക്കാനുള്ളതൊക്കെ സംഭവിച്ചു. എല്ലാം മറക്കാനായി ഇതിന്റെ പാതി കഴിക്കൂ. ഇതോടെ എല്ലാ പ്രശ്നങ്ങളും തീർന്നല്ലോ...!!!ട"

അത് കേട്ട് ചിരിച്ചുകൊണ്ട് ആ സ്ത്രീ മറുപടി പറഞ്ഞു;

"പ്രശ്നം തീർന്നെന്നോ...? മദ്യപിച്ചു കാറോടിച്ച് എന്റെ കാറിൽ കൊണ്ടുവന്നു ഇടിപ്പിച്ചതുംപോരാഞ്ഞിട്ട് ഞെളിഞ്ഞ് നിന്ന് ഡൈലോഗ് അടിക്കുന്നോ?"

"ഞാൻ പോലീസിനെ വിളിച്ചിട്ടുണ്ട്. അവര് വരട്ടെ... അവര് തീരുമാനമുണ്ടാക്കിക്കോളും!!!"

ആ സ്ത്രീയുടെ ഡയലോഗിൽ കണ്ണുംമിഴിച്ച് നിൽക്കാനെ അയ്യാൾക്ക് കഴിഞ്ഞൊള്ളു. വിജയിക്കാനായി ഏതറ്റം വരെ പോകാനും ഇന്നത്തെ തലമുറയ്ക്ക് ഒരു മടിയുമില്ല. അവിടെ, സഹോദരനോ സഹോദരിക്കോ, അപ്പനോ അമ്മയ്ക്കോ, ബന്ധുക്കൾക്കോ അയൽക്കാർക്കോ കൂട്ടുക്കാർക്കോ സ്ഥാനമില്ല. സ്വാർത്ഥതയുടെ വലിയ ഭാണ്ഢങ്ങൾ പേറി കൊണ്ടുള്ള യാത്രയിൽ മറ്റുള്ളവർ എനിക്ക് ചവുട്ടി കയറാനുള്ള പടികൾ ആയി മാത്രമാണ് ലോകം വീക്ഷിക്കുന്നത്. ഇടിടെയാണ്, സ്നാപകയോഹന്നാന്റെ പ്രസക്തി. മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയവൻ ക്രിസ്തുവിനെ കുറിച്ച് ചോദിക്കുമ്പോൾ പറയുന്നത് ഇപ്രകാരമാണ്;

> എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല... ഒരു വ്യക്തിയുടെ ഹൃദയത്തിന്റെ വലുപ്പവും മനസ്സിന്റെ വിശുദ്ധിയും മനസ്സിലാക്കാൻ ഇതിനേക്കാൾ വലിയ വാചകമൊന്നും വേണ്ട!

"എൻെറ പിന്നാലെ വരുന്നവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല" (യോഹ 1,27).

ഇതാണ് നിസ്വാർത്ഥത! മറ്റുള്ളവർക്ക് ചവുട്ടി കയറാൻ സ്വയം നിന്നുകൊടുക്കുന്ന ആകാശംമുട്ടെ വലുപ്പമുള്ള ഹൃദയത്തിനും മനസ്സിനും ഉടമയായവൻ! ഇന്ന്, സമൂഹത്തിൽ പണത്തിനും, സാമ്പത്തീകനേട്ടങ്ങൾക്കും ഒരു കുറവും ഇല്ല. സമൂഹത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അഹത്തെ നിഹനിച്ച്, മറ്റുള്ളവർക്ക് വളരാനും ചവുട്ടി കയറാനും നിന്നുകൊടുക്കാൻ പാകമുള്ള നല്ല ഹൃദയമുള്ള വ്യക്തികളുടെ കുറവ് മാത്രമാണുള്ളത്. വചനം സ്നാപകനെ മുന്നിൽ നിർത്തി വ്യാഖ്യാനിക്കുമ്പോൾ തിരുസഭ ആഗ്രഹിക്കുന്നത് ഈ കുറവ് നിന്നിലൂടെ മാറ്റപ്പെടണം എന്നതാണ്.

"ഓരോരുത്തരും താഴ്മയോടെ
മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം...
യേശു ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ."

ഫിലിപ്പി 2,3

ഫാ. ജോബി മേനോത്ത്
+91 944 7777 931